# ചൗരംഗി

## എം. പ്രഭാകരൻ

**അ**ടുത്തകാലത്ത് ബങ്കാളിലെ സിനിമാശാലകളിൽ നടന്ന പണിമുടക്കു കാരണം നിർമാണം പൂർത്തിയായ പലേ ചിത്രങ്ങളും പ്രദർശനത്തിന്നു വേണ്ടി കാത്തുകിടക്കുകയുണ്ടായി. അവയിൽ സിനിമാപ്രേമികളുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചിട്ടുള്ള പിനാക്കി മുക്കർജിയുടെ ചൗരംഗി പ്രേക്ഷകരെ നിരാശരാക്കിയിട്ടില്ലെന്നല്ലാതെ പ്രതീക്ഷയ്ക്കൊത്ത് വിജയിച്ചിട്ടുണ്ടെന്നു പറയുകവയ്യ. മണിശങ്കർ ചാററർജിയുടെ പ്രശസ്തിയാർജിച്ച ഒരു വലിയ നോവലാണ് ചൗരംഗി. നോവൽ പൂർണമായും ചലച്ചിത്രത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്തുവാൻ കഴിയാത്തതിനാലാവണം മൂന്നു നാലു പ്രധാന കഥാപാത്രങ്ങളെ ചുറ്റിപ്പറ്റി നിൽക്കുന്ന സംഭവങ്ങൾക്കു മാത്രം പ്രാധാന്യം കൊടുത്തുകൊണ്ട് ഇത്തരം ഒരു ചിത്രം വാർത്തെടുത്തത്.

ഒരു മഹാനഗരത്തിലെ വലിയ ഹോട്ടലുകളിലൊന്നിൽ നടക്കുന്ന സംഭവങ്ങളാണ് ചൗരംഗിയിലെ പ്രതിപാദ്യം. നൂറുകണക്കിന് മുറികളുള്ള അത്തരം കൂററൻ ഹോട്ടലുകളെ തെരുവിൽനിന്നു നോക്കിക്കാണുകയല്ലാതെ അതിന്റെ അന്തപുരമെങ്ങിനെയെന്ന് അറിയുവാൻ സൗകര്യം ലഭിക്കാത്ത സാധാരണക്കാരനെ ഈ ചിത്രം പ്രത്യേകം ആകർഷിക്കാനിടയുണ്ട്. നോവലിൽ പറയുന്ന പോലെ അനേകം രാവുകളിലെ ദുഃഖത്തിന്റെയും യാതനകളുടെയും ആനന്ദത്തിന്റെയും ലോഭത്തിന്റെയും ചരിത്രം മാറോടണച്ചുകൊണ്ട് നിൽക്കുന്ന ഷാജഹാൻ ഹോട്ടലിന്റെ നർമവിഷാദസമ്മിശ്രമായ ഇതിഹാസത്തിനോട് ബന്ധപ്പെട്ട രണ്ടു പ്രേമകഥകളും മാനുഷികമൂല്യങ്ങൾക്ക് യാതൊരു വിലയും കല്പിക്കാതെ, നാണയത്തുട്ടുകൾകൊണ്ടു ജീവിതബന്ധങ്ങൾ തൂക്കി നോക്കുന്ന ഒരുകൂട്ടം പണക്കാരുടെ ജീവിതരീതികളും, ഏറെക്കുറെ യഥാതഥമായി ചിത്രീകരിക്കുന്ന ഈ ചിത്രം ബങ്കാൾ സിനിമാരംഗത്തെ തരക്കേടില്ലാത്ത ഒരു സംഭാവനയാണെന്നേ പറയുവാൻ പററൂ.

**കഥ**

കൽക്കത്താ ഹൈക്കോടതിയിലെ ഒടുവിലത്തെ യൂറോപ്യൻ ബാരിസ്റ്ററുടെ സെക്രട്ടറിയായിരുന്ന ശങ്കർക്ക്, ബാരിസ്ററർ ഇന്ത്യ വിട്ടതോടെ ജോലിയില്ലാതായി. അങ്ങനെ നിരാശനായി നടക്കുമ്പോഴാണ് ഷാജഹാൻ ഹോട്ടലിലെ മാനേജർ മാർക്കോപോളയുടെ സുഹൃത്തായ ബയാൻ അയാൾക്കോ ഹോട്ടലിൽ ഒരു സ്റ്റെനോഗ്രാഫറുടെ ജോലി വാങ്ങിക്കൊടുക്കുന്നത്. പക്ഷേ, ആരുടെയോ കൂടെ ബോംബെയ്ക്ക് ഒളിച്ചോടിപ്പോയ അവിടുത്ത ലേഡി ടൈപ്പിസ്റ്റ് റോസി തിരിച്ചു വരുകയാണെങ്കിൽ ജോലി നഷ്ടപ്പെടുമെന്നു കരാറുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ റോസി വഞ്ചിക്കപ്പെട്ടു തിരിച്ചുവന്നു. മാർക്കോപോളെ ആദ്യം അവളെ തിരിച്ചെടുക്കാൻ കൂട്ടാക്കിയില്ല. എന്നാൽ ഹോട്ടലിലെ റിസപ്ഷനിസ്റ്റായ സ്യാട്ടോബോസ്സു, (സത്യസുന്ദരബാബു) അവൾക്കു ജോലിയില്ലെങ്കിൽ ഒരു കുടുംബം പട്ടിണി കിടക്കേണ്ടിവരുമെന്ന് പറഞ്ഞു. അവളെ തിരിച്ചെടുപ്പിക്കുകയാണ്. മാത്രമല്ല ശങ്കറെ അയാളുടെ അസിസ്റ്റന്റായി എടുപ്പിക്കാനും അയാൾ മാനേജരെ ഒരുവിധം സമ്മതിപ്പിച്ചു.

ശങ്കറിന്ന് ആ ഹോട്ടലിലെ അന്തരീക്ഷവുമായി ഇണങ്ങിപ്പോകാൻ ആദ്യമാദ്യം വലിയ വിഷമമുണ്ടായി. എന്നാൽ നല്ലവനായ സ്യാട്ടാബോസ്സ് അയാളുടെ സഹായത്തിന്നുണ്ടായിരുന്നു. സുന്ദരനും ചെറുപ്പക്കാരനുമായ സ്യാട്ടാബോസിന്ന് ബന്ധപ്പെട്ടവരായി ആരുമില്ല. അനവധി കാലമായി അയാൾ ആ ഹോട്ടലിലാണ് താമസം. ഹോട്ടലിലെ ജോലിക്കാർക്കെന്നല്ല അവിടെ വന്നു പോകുന്നവർക്കെല്ലാം അയാളെ ഇഷ്ടമാണ്. അവിടെ നടക്കുന്നതെല്ലാം അയാൾ കൗതുകത്തോടും കുസൃതിയോടും കൂടി നോക്കിക്കാണും. മാത്രമല്ല അവിടെ ഇടയ്ക്കിടയ്ക്ക് വന്നു പോകാറുള്ള ചില പ്രത്യേകവ്യക്തികളെപ്പറ്റി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും അവരുമായി പെരുമാറേണ്ട രീതിയെപ്പറ്റിയും അയാൾ ശങ്കറെ മനസ്സിലാക്കുകയും ചെയ്യാറുണ്ട്. നഗരത്തിലെ വ്യവസായപ്രമുഖരിലൊരാളായ അഗർവാലയുടെ അതിഥിശാലയാണ് ഹോട്ടലിലെ രണ്ടാംനമ്പ്ര് സൂട്ട്. അപവാദങ്ങൾ സഹിക്കേണ്ടിവരുമെന്നറിഞ്ഞിട്ടും തന്റെ സാധുകുടുംബം പുലർത്തുവാൻ വേണ്ടി ജോലി നോക്കുന്ന സുന്ദരിയായ മിസ്സ് കർബിഗുഹയാണ് അതിന്റെ ചുമതല വഹിക്കുന്നത്.

ഭർത്താവ് നഗരത്തിലില്ലാത്ത ദിവസങ്ങളിലെല്ലാം തന്റെ കാമുകരുമായി ദിനരാത്രങ്ങൾ ഷാജഹാൻഹോട്ടലിൽ കഴിക്കുന്ന മിസിസ്സ് പകടാശി നഗരത്തിലെ മറ്റൊരു വ്യവസായപ്രമുഖനായ മാധവപകടാശിയുടെ സഹധർമിണിയാണ്. അവരുടെ മകൻ അനിന്ദ അടുത്ത് ഒപ്പുവെക്കുവാൻ പോകുന്ന വ്യവസായകരാറിന്നായി ഇന്ത്യയിലെത്തുന്ന ജർമൻ സുഹൃത്തുകൾക്ക് താമസിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പാടു ചെയ്യുവാനായി ഹോട്ടലിൽ ചെല്ലുന്നു. എന്നാൽ മുറികൾ ഒന്നുംതന്നെ ഒഴിവുണ്ടായിരുന്നില്ല. അനിന്ദയും സ്യാട്ടാബോസും തമ്മിലുള്ള കരാർ നടപ്പിലായാൽ തന്റെ വ്യവസായത്തിനു വലിയ നാശം സംഭവിക്കാനിടയുള്ളതുകൊണ്ട് ആ കരാർ ഏതു തരത്തിലെങ്കിലും പൊളിപ്പിക്കണമെന്നുള്ളതാണ് അഗർവാലയുടെ ഉദ്ദേശം. അഗർവാലയുടെ അതിഥിശാലയിൽ ജർമൻ സുഹൃത്തുക്കൾക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനായി അനിന്ദയും കർബിയും ഇടയ്ക്കിടയ്ക്ക് കാണാറുണ്ട്. കർബിയെ ഉപയോഗിച്ചു വ്യവസായകരാറിനെ സംബന്ധിച്ച വിവരങ്ങൾ തട്ടിയെടുക്കണമെന്നാണ് അഗർവാലയുടെ ആഗ്രഹം. എന്നാൽ, അനിന്ദയെ കണ്ടമാത്രയിൽ അയാളോട് എന്തെന്നില്ലാത്ത ഒരു പ്രത്യേക അടുപ്പം തോന്നിയ കർബി, ആ ചെറുപ്പക്കാരനെ വഞ്ചിക്കാൻ തയാറായില്ലെന്നു മാത്രമല്ല, അഗർവാലയുടെ ചതിയിൽനിന്നയാളെ രക്ഷിക്കുകകൂടി ചെയ്തു. ആ പരിചയം അവരെ കൂടുതൽ അടുപ്പിച്ചു. അനിന്ദ കർബിയെ വിവാഹം കഴിക്കുവാൻ തീർച്ചയാക്കി. ഈ വിവരം അറിയാനിടയായ മിസിസ്സ് പകടാശി എതു തരത്തിലെങ്കിലും കർബിയെ ഇതിൽനിന്ന് പിന്തിരിപ്പിക്കാനാഗ്രഹിച്ചു. അവൾക്ക് എത്ര പണം വേണമെങ്കിലും കൊടുക്കാൻ ആ സ്ത്രീ തയാറായി. എന്നാൽ, പണത്തിനുവേണ്ടി തന്റെ മനസ്സുമാറ്റുവാൻ ആ സാധു പെൺകുട്ടി തയാറായില്ല. പക്കടാശിയിൽനിന്നുള്ള നിരന്തരമായ അവഹേളനങ്ങൾ സഹിക്കുവാൻ വയ്യാതായപ്പോൾ, താൻ അച്ഛനെപോലെ കരുതിപ്പോരുന്ന ഹോട്ടലിലെ മറ്റൊരു ജോലിക്കാരനായ നേ

 

ട്ടാബാബുവിനോട് (നിത്യഹരി ബാബു) എല്ലാം തുറന്നുപറഞ്ഞു. അയാൾ അവളെ രക്ഷിക്കാനൊരു വഴി കണ്ടു. മിസിസ്സ് പക്കടാശി തന്റെ കാമുകരൊത്ത് ഹോട്ടലിൽ ചെലവഴിച്ച ചില വൃത്തികെട്ട രംഗങ്ങളുടെ ഫോട്ടോകൾ അയാൾ കർബിയെ ഏല്പിച്ചു. മിസിസ്സ് പക്കടാശി, എന്തുവന്നാലും അവളെപ്പോലെയുള്ള ഒരു വേശ്യയെ തന്റെ കുടുംബത്തിൽ കയറ്റുകയില്ലെന്നു തീർത്തു പറഞ്ഞപ്പോൾ, കർബി തനിക്കു ലഭിച്ച ഫോട്ടോകൾ പുറത്തു കാണിക്കുകയുണ്ടായി. കർബിയെ ഇനി സ്വീകരിക്കാഞ്ഞാൽ താൻ അപകടത്തിലാവുമെന്നു കരുതി അവൾ വിവാഹത്തിനു സമ്മതിച്ചു. എന്നാൽ, സ്ഥിതിഗതികൾ ഇത്രത്തോളമെത്തിച്ചേർന്ന നിലയ്ക്ക് അനിന്ദയെ വിവാഹം ചെയ്താൽ തന്നെ അയാളുടെ അമ്മയുമായി ഒന്നിച്ചു ജീവിക്കുവാൻ കഴിയുകയില്ലെന്ന ഭയത്താലോ, എന്തോ ആ സാധു പെൺകുട്ടി ആത്മഹത്യ ചെയ്യുന്നതോടുകൂടി കഥയുടെ ആദ്യഭാഗം അവസാനിക്കുന്നു.

അടുത്തതായി സ്യാട്ടാബോസ് ഹോട്ടലിലെ ജോലി രാജിവെച്ച് സുജാതയെന്ന എയർ ഹോസ്റ്റസ്സുമായി ബോംബെയ്ക്കു പോകുന്നതാണ്. സ്യാട്ടാബോസിനെപ്പോലെ സുജാതയ്ക്കും വേണ്ടപ്പെട്ടവരായി ആരുമില്ല. ജോലി കഴിഞ്ഞ് കൽക്കത്തയിലുള്ള സന്ദർഭങ്ങളിൽ അവൾ നഗരത്തിലെ വല്ല ഹോട്ടലുകളിലും കൂടും. ഇടയ്ക്കിടയ്ക്ക് ഷാജഹാൻ ഹോട്ടലിലും വരാറുണ്ട്. ആരോടും പ്രത്യേകമായി ഒരു ബന്ധവും പുലർത്താത്ത ബോസ് അവളെയും ആദ്യമാദ്യം ഹോട്ടലിലെ ഒരു പതിവുകാരിയെപ്പോലെ കണക്കാക്കിയുള്ളു. എങ്കിലും അവിടെ വരുമ്പോഴെല്ലാം അയാളുമായി എന്തെങ്കിലും തമാശകൾ പറഞ്ഞു കുറച്ചു നിമിഷങ്ങൾ ചെലവഴിക്കാതെ അവൾ പോവാറില്ല. മാത്രമല്ല ഒരുദിവസം കാലത്ത് പ്രാതൽ കഴിക്കുമ്പോൾ സുജാത സ്യാട്ടാബോസിന് തന്റെ ജീവിതകഥ പറഞ്ഞുകൊടുക്കുകയുണ്ടായി. പിന്നീട് ഒഴിവുകിട്ടുമ്പോഴെല്ലാം അവർ ഒന്നിച്ചുകൂടാറുണ്ട്. അങ്ങിനെ അവളുടെ സഹായത്തോടെ ബോംബെയിൽ ഒരു നല്ല ജോലി കിട്ടുന്നതോടെ അയാൾ അവളോടുകൂടി കൽക്കത്ത വിടുകയാണ്. ബോംബെയിൽ വന്നു വിവാഹിതരാകാനുള്ള ഉദ്ദേശത്തോടെ അവർ മോതിരങ്ങൾ കൈമാറി. ഏതാനും ദിവസങ്ങൾക്കുശേഷം അവളെ തിരിച്ച വിമാനത്തിൽ കൽക്കത്തയ്ക്കുതന്നെ യാത്രയാക്കി. അല്പനിമിഷങ്ങൾക്കുള്ളിൽ അപകടത്തെ സൂചിപ്പിക്കുന്ന സൈറന്റെ ഭയങ്കരശബ്ദവും അന്തരീക്ഷത്തിൽ മുഴങ്ങി. അയാൾ ആകാശത്തേക്ക് നോക്കിയപ്പോൾ സുജാത കയറിയ വിമാനം കത്തിയെരിഞ്ഞു താഴോട്ട് വീഴുന്നതാണ് കണ്ടത്.

## വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ

വേണ്ടത്ര ഏകാഗ്രതയോടെ അനുസ്യൂതം തുടർന്നു പോകുന്ന ഒരു കഥയല്ലെങ്കിലും, ജീവിതത്തിന്റെ വ്യത്യസ്ത മുഖഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഇതിലെ മിക്ക കഥാപാത്രങ്ങളും മനസ്സിൽ തങ്ങി നിൽക്കുന്നവരാണ്. കുടുംബം സംരക്ഷിക്കുവാൻ വേണ്ടി അഗർവാലയുടെ അതിഥിശാലയുടെ ചുമതല വഹിക്കുന്ന ഭാഗ്യഹീനയായ കർബിഗുഹ, ഭർത്താവിനെ വഞ്ചിച്ചു തന്റെ കാമുകരെ തേടി ഇടയ്ക്കിടയ്ക്ക് ഹോട്ടലിൽ വരാറുള്ള മദ്ധ്യവയസ്കയും സാമൂഹ്യപ്രവർത്തകയുമായ മിസിസ്സ് പകടാശി, ജീവിക്കുവാൻവേണ്ടി ഹോട്ടലിലെ വൃത്തികെട്ട അന്തരീക്ഷത്തിൽ വീർപ്പുമുട്ടി കഴിയുന്ന നല്ലവരായ വയലിനിസ്റ്റ് ഗോമസ്സും സ്റ്റോർകീപ്പർ നേട്ടാബാനർജിയും, ജീവിക്കാനാഗ്രഹിച്ച സുന്ദരിയും തമാശക്കാരിയുമായ എയർ ഹോസ്റ്റസ് സുജാത, ദുഃഖസാന്ദ്രമായ ദാമ്പത്യജീവിതത്തിന്റെ ഓർമകൾ നിറഞ്ഞുനിൽക്കുന്ന ഒരു ഭൂതകാലവും പേറി നടക്കുന്ന ഹോട്ടൽ മാനേജർ മാർക്കോ പോളൊ, ജീവിതത്തെ ഒരിക്കലും ഗൗരവത്തോടെ വീക്ഷിക്കാൻ ശ്രമിച്ചിട്ടില്ലാത്ത സ്നേഹസമ്പന്നനായ സ്യാട്ടാബോസ്, ഇവരുടെയെല്ലാം ജീവിതത്തെ സശ്രദ്ധം നോക്കി മനസ്സിലാക്കി ശാന്തനായി കഴിഞ്ഞുകൂടുന്ന ശങ്കർ– അങ്ങിനെ പലരേയും ചൗരംഗിയിൽ കാണാം.

## അഭിനയം

നോവലിലെ മറക്കാനാവാത്ത കഥാപാത്രമായ സത്യസുന്ദരബാബുവിന്റെ എല്ലാ സവിശേഷതകളും ഉൾക്കൊണ്ടുകൊണ്ട് അതിഭാവുകത്വം കലർത്താതെ അനായാസേന ആ കഥാപാത്രത്തെ കൈകാര്യം ചെയ്ത ഉത്തംകുമാർ, സത്യജിത്ത് റേയുടെ ഭനായക്കി'നുശേഷം തന്റെ അഭിനയപാടവം തെളിയിക്കുന്ന ചിത്രമാണ് ചൗരംഗി. അടുത്തകാലത്ത് സിനിമാരംഗത്തുവന്ന സുഭേന്ദു, ശങ്കറിന്റെ ഭാഗത്തിന്നു മിഴിവും തെളിവും തൊടുക്കുന്ന കാര്യത്തിൽ തികച്ചും വിജയിച്ചിട്ടുണ്ട്. സുപ്രിയആ ചൗദുരിയുടെ കർബി ഗുഹയുടെ ഭാഗം ഉടനീളം വിജയിച്ചുവെന്നു പറയുവാൻ വയ്യ. എങ്കിലും മിസിസ്സ് പക്ക

ടാശിയുമായി കണ്ടുമുട്ടുന്നതിന്നുശേഷമുള്ള രംഗങ്ങളിൽ നന്നായി അഭിനയിച്ചു. എയർ ഹോസ്ററസ്സായി പ്രത്യക്ഷപ്പെടുന്ന അഞ്ജനാ ഭൗമിക്കും, മിസിസ്സ് പക്കടാശിയുടെ ഭാഗമെടുത്ത ദീപ്തിറായും തങ്ങളുടെ കഥാപാത്രങ്ങളോട് വേണ്ടത്ര നീതി കാണിച്ചിട്ടുണ്ടെന്നു തന്നെ പറയേണ്ടതുണ്ട്. അനിന്ദയുടെ ഭാഗമെടുത്ത ബിശ്വജിത്ത് തരക്കേടില്ല. നേട്ടാബാനർജിയുടെ ഭാഗമെടുത്ത ബങ്കാളിലെ പ്രസിദ്ധ ഹാസ്യനടനായ ബാനു ബന്തോപാദ്ധ്യായ പ്രേക്ഷകരുടെ ഹൃദയത്തിൽ തങ്ങിനിൽക്കുന്ന ഒരു കഥാപാത്രമാണ്. ബങ്കാളിലെ നാടകരംഗത്ത്, പ്രത്യേകിച്ച് ഷെയ്ക്സ്പിരിയൻ നാടകങ്ങളിൽക്കൂടി പ്രസിദ്ധിയാർജിച്ച ഉല്പദത്തിന്ന് മാർക്കോപോളയുടെ ഭാഗം അനായാസേന കൈകാര്യം ചെയ്യുവാൻ കഴിഞ്ഞതിൽ അദ്ഭുതപ്പെടാനില്ല. ഇതു കൂടാതെ മറ്റു ചെറിയ കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്ന പ്രസാദ് മുക്കർജി, ഹരദൻ ബാനർജി, തരുൺകുമാർ, ജഹാർറായ, റോസിയുടെ ഭാഗമെടുത്ത ആംഗ്ലോ ഇന്ത്യൻ പെൺകുട്ടി തുടങ്ങിയ ഓരോരുത്തരും അഭിനന്ദനമർഹിക്കുന്നുണ്ട്.

സന്ദർഭവുമായി തികച്ചും ഇണങ്ങി നിൽക്കുന്ന ഇതിലെ രണ്ടു ഗാനങ്ങളുടെ- പ്രത്യേകിച്ചു പ്രതിമാ ബാനർജി പാടുന്ന ടാഗൂർ ഗാനത്തിന്റെ- ആകർഷണവലയത്തിൽനിന്നൊഴിഞ്ഞുമാറി നിൽക്കുവാൻ ഈ ചിത്രം കാണുന്ന ആർക്കും കഴിയുകയില്ല. ഈ കാര്യത്തിൽ സംഗീതസംവിധാനവും കൂടി നിർവഹിച്ച ചിത്രത്തിന്റെ നിർമാതാവായ ശ്രീമതി അഷിമാ ഭട്ടാചാര്യയെ അഭിനന്ദിക്കാതെ വയ്യ.

കൽക്കത്തയിലെ വലിയ ഹോട്ടലുകളിലൊന്നിന്റെ ചില ഭാഗങ്ങളും നഗരത്തിലെ മറ്റു ദൃശ്യങ്ങളും മനോഹരമായി പകർത്തുന്നതിനു സംവിധായകനെ സഹായിച്ച ക്യാമറാമാൻ ദിനൽഗുപ്തയ്ക്കും ആ അഭിനന്ദനത്തിൽ നല്ലൊരു പങ്കിന് അർഹതയുണ്ട്.